പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 963 | 01-03-2017 ൽ മറുപടിയ്ക്ക്

## 2017-2018 വർഷത്തെ ഇറിഗേഷൻ പ്രൊപ്പോസലുകൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.കെ.ദാസൻ | | മാത്യു ടി.തോമസ് (ജലവിഭവ വകുപ്പുമന്ത്രി) |
| (എ) | 2017-2018 വർഷത്തെ ബജറ്റിൽ ഉൾപ്പെടുന്നതിനായി മേജർ ഇറിഗേഷൻ കോഴിക്കോട് ഡിവിഷൻ ഓഫീസിൽ നിന്ന് സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലിലെ വിശദാംശം ലഭ്യമാക്കുമോ; | (എ) & (ബി) | **ജലസേചന വകുപ്പ്**<br>2017-2018 വർഷത്തെ ബജറ്റിൽ ഉൾപ്പെടുത്തുന്നതിനായി മേജർ, മൈനർ ഇറിഗേഷൻ കോഴിക്കോട് ഡിവിഷൻ ഓഫീസിൽ നിന്ന് സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലിലെ വിശദാംശങ്ങൾ അനുബന്ധം ആയി ചേർത്തിരിക്കുന്നു. |
| (ബി) | 2017-2018 വർഷത്തെ ബജറ്റിൽ ഉൾപ്പെടുന്നതിനായി മൈനർ ഇറിഗേഷൻ കോഴിക്കോട് ഡിവിഷനിൽ നിന്ന് സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലിലെ വിശദാംശം ലഭ്യമാക്കുമോ; | | |
| (സി) | 2017-2018 വർഷത്തെ ബജറ്റിൽ ഉൾപ്പെടുന്നതിനായി കുറ്റ്യാടി ഇറിഗേഷൻ കോഴിക്കോട് ഡിവിഷനിൽ നിന്ന് സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലിലെ പദ്ധതികൾ എന്തെല്ലാം; വിശദമാക്കുമോ? | (സി) | കുറ്റ്യാടി ജലസേചന പദ്ധതിയുടെ കനാലുകളും അക്വഡക്ടുകളും കാലപ്പഴക്കം മൂലം പല ഭാഗത്തും തകർച്ചയും ചോർച്ചയും സംഭവിച്ചിട്ടുള്ളതിനാൽ കനാലുകളുടെ ഇരു കരകളിലുമുള്ള പ്രദേശങ്ങളിൽ വെള്ളക്കെട്ടും കൃഷിനാശവും ഉണ്ടാകാറുണ്ട്. വീടുകളിലും പറമ്പുകളിലും അധിക ജലം വരുന്നതുമൂലം ജനങ്ങൾക്കും വളരെയധികം ബുദ്ധിമുട്ടുകൾ അനുഭവപ്പെടുന്നുണ്ട്. ഇതിനാൽ കനാലിന്റെ വാലറ്റത്ത് വേണ്ടത്ര |

| | | | |
|---|---|---|---|
| | | | ജലവിതരണം നടത്തുന്നതിന് സാധിക്കാതെ വരുന്നു. ആയത് പരിഹരിക്കുന്നതിന് കനാൽ ബണ്ടുകൾ സംരക്ഷിച്ച് ശക്തിപ്പെടുത്തേണ്ടതും ചോർച്ച അടക്കുന്നതിന് ലൈനിംഗ് പ്രവൃത്തികൾ ചെയ്യേണ്ടതുമുണ്ട്. നിലവിലുള്ള ചില അക്വാഡക്ടുകൾ അറ്റകുറ്റപ്പണികൾ ചെയ്യേണ്ടതും മറ്റു ചിലത് പൂർണ്ണമായും പുനർനിർമ്മിക്കേണ്ടതുമുണ്ട്. ഈ പദ്ധതി വിഭാവനം ചെയ്ത രീതിയിൽ സുഗമമായി ജലവിതരണം നടത്തുന്നതിന് 1000 ലക്ഷം രൂപയുടെ പദ്ധതി നിർദ്ദേശങ്ങൾ 2017-2018 വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തുന്നതിനു വേണ്ടി പ്ലാനിംഗ് ബോർഡിന് സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ